**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6039** **19-11-2019-ൽ മറുപടിക്ക്**

## ഗൃഹസ്ഥലി പൈതൃക സംരക്ഷണ പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.എ.എൻ. ഷംസീർ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| | സാംസ്കാരിക രംഗത്ത് കേരളത്തിന്റെ മുതൽക്കൂട്ടായ ശ്രേഷ്ഠ നിർമ്മിതികൾ സംരക്ഷിക്കാനും തനതു പൈതൃകം നിലനിർത്താനുമുള്ള പദ്ധതിയായ ഗൃഹസ്ഥലി പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | അൻപതു വർഷത്തിനുമേൽ പഴക്കമുള്ള പൈതൃകമൂല്യമുള്ള കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് "ഗൃഹസ്ഥലി". സർക്കാർ രൂപീകരിച്ചിരിക്കുന്ന അപ്രൂവൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേയ്ക്കാണ് നിലവിൽ ഗൃഹസ്ഥലി പദ്ധതി പ്രകാരം അംഗീകാരം നൽകി വരുന്നത്. ഗൃഹസ്ഥലി സർഫിക്കറ്റ് ലഭിക്കുന്ന യൂണിറ്റുകൾക്ക് നവീകരണ പ്രവർത്തനങ്ങൾക്കായി സബ്സിഡി നൽകി വരുന്നു. ഈ യൂണിറ്റുകളെ സംബന്ധിച്ച വിവരം കേരള ടൂറിസത്തിന്റെ ഒഫിഷ്യൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും കേരള ടൂറിസത്തിന്റെ മാർക്കറ്റിംഗ് പദ്ധതികളിൽ ഭാഗമാകാൻ അവസരം നൽകുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**